ആദിവാസികൾക്കുള്ള ആനുകൂല്യങ്ങൾ

2 (785)ശ്രീ. എൻ കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ 'മലമുത്തൻ' എന്ന ആദിവാസികൾക്ക് പരമ്പരാഗതമായി ലഭിച്ചു വന്ന ആനുകൂല്യങ്ങൾ ഇപ്പോൾ ലഭിക്കുന്നില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവർക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ തുടർന്നും ലഭിക്കുവാൻ എന്തു നടപടിയാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) മലമുത്തൻ എന്ന ആദിവാസികൾക്ക് കഴിഞ്ഞ കാലത്ത് ലഭിച്ചു വന്നിരുന്ന ആനുകൂല്യങ്ങൾ തുടർന്നു ലഭിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) മറ്റർഹ സമുദായ (ഒ.ഇ.സി) ലിസ്റ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന മലമുത്തൻ എന്ന ഗിരിവർഗ്ഗക്കാർക്ക് പരമ്പരാഗതമായി ലഭിച്ചു വന്ന ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല എന്ന പരാതിയുണ്ടായിട്ടില്ല. ഇവർ പട്ടികവർഗ്ഗക്കാരല്ല.

(സി) മലപ്പുറം, കോഴിക്കോട് ജില്ലകളിലെ മലമുത്തൻ വർഗ്ഗക്കാർ 'മുക്കുവാൻ' എന്ന പേരിൽ പട്ടികവർഗ്ഗക്കാരുടെ ആനുകൂല്യം അനുഭവിച്ചിരുന്നതായും ആയത് നിർത്തലാക്കിയതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പട്ടികവർഗ്ഗക്കാരായിട്ടില്ലാത്ത മലമുത്തൻ വിഭാഗക്കാർക്ക്, പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതുവരെ ഇപ്പോൾ അനുവദനീയമായ മറ്റർഹ സമുദായ (ഒ.ഇ.സി) ആനുകൂല്യങ്ങൾക്കുപരിയായി മറ്റെന്തെല്ലാം ആനുകൂല്യങ്ങൾ അനുവദിച്ചുനൽകാം എന്ന കാര്യം സർക്കാർ പരിഗണിച്ചുവരികയാണ്.

ഭൂരഹിതരും ഭവനരഹിതരുമായ പട്ടികവിഭാഗക്കാരെ കണ്ടെത്തുന്നതിന് സർവ്വേ

3 (786)ശ്രീ. ആന്റണി രാജു :
ശ്രീ. മോൻസ് ജോസഫ് :
ഡോ. കെ.സി. ജോസഫ് :
ശ്രീ. പി.സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരും ഭവനരഹിതരുമായ പട്ടികവിഭാഗക്കാരെ കണ്ടെത്തുന്നതിന് സർവേ നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പട്ടികവിഭാഗത്തിൽപ്പെട്ടവർക്ക് സ്വന്തമായി ഭൂമി വാങ്ങുന്നതിന് വായ്പ നൽകുന്നതിന് പദ്ധതിയുണ്ടോ; വിശദാംശം നൽകുമോ;

(സി) ഇത് പ്രകാരം എത്ര കുടുംബങ്ങൾക്ക് വായ്പ നൽകിയിട്ടുണ്ട്;

(ഡി) എല്ലാ പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾക്കും സ്വന്തമായി വീടുണ്ടാക്കുന്നതിന് ഒരു സമയബന്ധിത പരിപാടി ആവിഷ്കരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly